# KANNUR DIOCESAN GAZETTE
# കണ്ണൂർ രൂപതാ ഗസറ്റ്

Vol. XVIII 2018 February 08 No. 2


മിശിഹായിൽ പ്രിയ വൈദികരേ, സന്യസ്തരേ, സഹോദരിസഹോദരന്മാരേ, കുഞ്ഞുമക്കളേ,

നമ്മുടെ കർത്താവായ യേശുവിന്റെ ദ്വിതീയ ആഗമനത്തെക്കുറിച്ച് പഠിപ്പിക്കുന്ന മത്തായിയുടെ സുവിശേഷം 24-ാം അദ്ധ്യായത്തിൽ ക്രിസ്തു ശിഷ്യർ അനുഭവിക്കേണ്ടിവരുന്ന പീഡനങ്ങളെപ്പറ്റി വിവരിക്കുന്നതിന്റെ ഭാഗമായി 12-ാം വചനത്തിൽ നാം വായിക്കുന്നു "അധർമ്മം വർദ്ധിക്കുന്നതിനാൽ പലരുടെയും സ്നേഹം തണുത്ത് പോകും". 24: 13ൽ വചനം തുടരുകയാണ്: "അവസാനം വരെ സഹിച്ച് നില്ക്കുന്നവൻ രക്ഷിക്കപ്പെടും" എന്ന്. അവസാനം വരെ സഹിച്ച് നില്ക്കേണ്ട നമ്മുടെ വിശ്വാസവിജയം ഉറപ്പാക്കാൻ സഹായിക്കാവുന്ന 24-ാം അദ്ധ്യായത്തിലെ 12-ാം വചനം ഉദ്ധരിച്ചുകൊണ്ടാണ് ഫ്രാൻസീസ് പാപ്പ തന്റെ 2018 ലെ നോമ്പുകാലസന്ദേശം ആരംഭിക്കുന്നത്. അധർമ്മം വർദ്ധിക്കുന്ന സാഹചര്യത്തിൽ പലരുടെയും സ്നേഹം തണുത്തുപോകുന്നതിൽ ഒരു തിരുവുത്ഥാനയാത്ര നമുക്ക് അനിവാര്യമാണ്, അന്ത്യം വരെ സഹിച്ചുനിന്ന് രക്ഷപ്രാപിക്കാൻ. ഇതിലേക്കായി ജീവിതത്തിന്റെ എല്ലാ മേഖലകളിലും മുഴുഹൃദയത്തോടെ കർത്താവിലേക്ക് തിരിച്ചുവരാൻ നോമ്പുകാലം നമ്മെ വിളിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നുവെന്ന് പാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നു.

നാം ജീവിക്കുന്ന ആധുനികതയുടെ ഈ കാലഘട്ടം താല്ക്കാലികമായ പലതിലും, മദ്യത്തിലും, മയക്കുമരുന്നിലും, സമ്പത്തിന്റെ വശ്യതയിലും നമ്മെ തളച്ചിടാൻ ശ്രമിക്കുന്നു. ഇവയിലൂടെ പ്രവർത്തിക്കുന്നത് "തിന്മയുടെ പിതാവായ പിശാചാണ്" (യോഹ. 8:44) എന്ന് സൂചിപ്പിക്കുന്ന പാപ്പ ഈ വ്യാചപ്രവാചകരുടെ കെണിയിൽ നാം വീഴരുത് എന്ന് ആഗ്രഹിക്കുന്നു. ഇവയെക്കുറിച്ചുള്ള ജാഗ്രതയില്ലായ്മ നമ്മെ ക്രൈസ്തവസ്നേഹം ഇല്ലാതാക്കുന്ന സ്വാർത്ഥതയിലേക്കും, ആദ്ധ്യാത്മികമാന്ദ്യത്തിലേക്കും, സഹോദര്യവിരുദ്ധമായ കലഹങ്ങളിലേക്കും, ലൗകീക മനോഭാവത്തിലേക്കും നയിക്കും. നോമ്പുകാലം നമുക്കെല്ലാവർക്കും ഈ ആത്മീയമാന്ദ്യത്തിൽ നിന്ന് കൂടുതൽ തീക്ഷണതയുള്ള പ്രാർത്ഥനാജീവിതത്തിലൂടെയും, ധർമ്മദാനത്തിലൂടെയും, ഉപവാസത്തിലൂടെയും ഈസ്റ്ററിന്റെ നവീകരണത്തിലേക്ക് കടന്നുവന്ന്, ദൈവസ്നേഹത്താൽ കൂടുതൽ ജ്വലിപ്പിക്കപ്പെടാൻ കാരണമാകും.

നോമ്പുകാലത്തിന്റെ കൃപകൾക്ക് കാരണമാകുന്ന പ്രാർത്ഥനയെക്കുറിച്ചും ധർമ്മദാനത്തെക്കുറിച്ചും, ഉപവാസത്തെക്കുറിച്ചും ഫ്രാൻസീസ് പാപ്പയുടെ വാക്കുകൾ എത്ര പ്രസക്തമാണ്. അവ നമുക്ക് അതേപടി ശ്രവിക്കാം.

**പ്രാർത്ഥന**യ്ക്കായി കൂടുതൽ സമയം ഉപയോഗിക്കുന്നത് നമ്മുടെ രഹസ്യമായ നുണകളെയും ആത്മവഞ്ചനയുടെ രൂപങ്ങളെയും പറിച്ചുകളയാൻ നമ്മുട ഹൃദയങ്ങളെ ശക്തിയുള്ളവയാക്കും. അപ്പോൾ ദൈവം തരുന്ന ആശ്വാസം കണ്ടെത്താൻ നമുക്കു കഴിയും. അവിടുന്ന് നമ്മുടെ പിതാവാണ്. നാം നന്നായി ജീവിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നു.

**ധർമദാനം** അത്യാഗ്രഹത്തിൽനിന്നും നമ്മെ സ്വതന്ത്രരാക്കും. നമ്മുടെ അയല്ക്കാരെ സഹോദരീ സഹോദരന്മാരായി കാണാൻ നമ്മെ സഹായിക്കും. ഞാൻ സ്വന്തമാക്കിയിരിക്കുന്നതൊന്നും എന്റേതു മാത്രമല്ല. ധർമദാനം നമ്മിൽ ഓരോരുത്തരുടെയും യഥാർത്ഥജീവിതശൈലിയാകാൻ ഞാൻ ഏറെ ആഗ്രഹിക്കുന്നു. ക്രൈസ്തവരെന്ന നിലയിൽ നാം അപ്പസ്തോലന്മാരുടെ മാതൃക പിൻതുടരണം. സഭയിലുള്ള കൂട്ടായ്മയുടെ തൊട്ടുനോക്കാൻ കഴിയുന്ന സാക്ഷ്യമായി നമ്മുടെ സ്വത്തുക്കൾ നാം പങ്കുവയ്ക്കണം. ഞാൻ എത്രയോ ആഗ്രഹിക്കുന്ന കാര്യമാണിത്. ഇക്കാരണത്താൽ വിശുദ്ധ പൗലോസ് ശ്ലീഹാ കൊറീന്ത്യർക്കു

നല്കിയ ആഹ്വാനത്തെ പ്രതിധ്വനിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ജറുസലേമിലെ സഭയ്ക്കുവേണ്ടി സംഭാവന നല്കാനാണ് അദ്ദേഹം ആഹ്വാനം ചെയ്തത്. ആ ദാനത്തിൽനിന്ന് അവർക്കുതന്നെ ഉപകാരമുണ്ടാകും (cf 2 കോറി 8:10) . ഇത് നോമ്പുകാലത്ത് ഏറെ ഉചിതമായ കാര്യമാണ്. സഭകൾക്കും ആവശ്യത്തിൽ കഴിയുന്നവർക്കുംവേണ്ടി അനേകം ഗ്രൂപ്പുകൾ സംഭാവന ശേഖരിക്കുന്ന കാലയളവാണിത്. നമ്മുടെ അനുദിനജീവിതത്തിലും നമ്മുടെ സഹായം യാചിക്കുന്നവരുണ്ട്. അവരുടെ യാചന ദൈവത്തിൽനിന്നു വരുന്നതാണെന്ന് തിരിച്ചറിയണം. നാം ധർമം കൊടുക്കുമ്പോൾ ദൈവത്തിന് തന്റെ ഓരോ ശിശുവിനെയും സംബന്ധിച്ചുള്ള പരിപാലനാപരമായ ശ്രദ്ധയിൽ നാം പങ്കുകാരാവുകയാണ്. ദൈവം ഇന്ന് എന്നിലൂടെ ആരെയെങ്കിലും സഹായിച്ചാൽ അവിടന്ന് നാളെ എന്റെ ആവശ്യങ്ങളിൽ സഹായിക്കാതിരിക്കുമോ? എന്തെന്നാൽ ദൈവത്തെക്കാൾ ഉദാരതയുള്ളവനായി ആരുമില്ല.

**ഉപവാസം** ആക്രമിക്കാനുള്ള നമ്മുടെ വാസനയെ ദുർബലപ്പെടുത്തും. അതു നമ്മെ ആയുധമില്ലാത്തവരാക്കും. വളർച്ചയ്ക്കുള്ള സുപ്രധാനമായ ഒരു സന്ദർഭം നല്കും. ഒരു വശത്ത്, അനാഥരും വിശപ്പുസഹിക്കുന്നവരും എന്താണ് അനുഭവിക്കുന്നതെന്ന് അനുഭവിച്ചറിയാൻ അതു നമ്മെ സഹായിക്കും. മറുവശത്ത്, ദൈവത്തിലുള്ള ജീവിതത്തിനായി നമുക്കുള്ള ആധ്യാത്മിക വിശപ്പും ദാഹവും അതു പ്രകടിപ്പിക്കും. ഉപവാസം നമ്മെ തട്ടിയുണർത്തും. ദൈവത്തെയും അയല്ക്കാരെയും കൂടുതൽ ശ്രദ്ധിക്കാൻ അതു സഹായിക്കും. ദൈവത്തെ അനുസരിക്കാനുള്ള നമ്മുടെ ആഗ്രഹത്തെ അത് പുനരുജ്ജീവിപ്പിക്കും. അവിടന്ന് മാത്രമാണ് നമ്മുടെ വിശപ്പ് മാറ്റാൻ കഴിവുള്ളവൻ.

നമ്മുടെ രൂപതയിൽ നോമ്പുകാലം സമുചിതമായി നാം ആചരിച്ച് വരുന്നു. നമ്മുടെ ഇടവകകളിൽ നടക്കുന്ന കുരിശിന്റെ വഴി എന്ന ഭക്താനുഷ്ഠാനവും, നോമ്പുകാല ധ്യാനങ്ങളും, 40 മണിക്കൂർ ആരാധനകളും, പ്രത്യേക അനുരഞ്ജനാശുശ്രൂഷകളും, പ്രത്യേക പരോപകാരപ്രവർത്തനങ്ങളും മികവുറ്റതാണ്. രൂപതയുടെ തീർത്ഥാടനകേന്ദ്രങ്ങളിലൊന്നായ ഏഴിമലയിൽ 40-ാം വെള്ളിയിൽ നടത്തിവരുന്ന കുരിശിന്റെ വഴിയിൽ നിങ്ങൾ പലരും പങ്കുചേരാൻ ശ്രമിക്കുന്നുണ്ട്.

**വടക്കൻ കുരിശുമലയിലേക്ക് ഒരു തീർത്ഥാടനം:-** കണ്ണൂർ രൂപതയുടെ വടക്ക് കിഴക്കൻ അതിർത്തിയായ കനകപ്പള്ളി വി. മാർട്ടിൻ ഡി പോറസ് ഇടവകയുടെ പരിധിയിൽ സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 1000 അടി ഉയരത്തിൽ നമുക്ക് ഒരു പ്രാർത്ഥനാസങ്കേതം ഉള്ളകാര്യം നിങ്ങൾ പലരും അറിഞ്ഞുകാണില്ല. റവ. ഫാദർ ഗ്രേഷ്യൻ ലോബോ വാങ്ങിയ ഈ സ്ഥലത്ത് ഒരു കുരിശു സ്ഥാപിക്കുകയും, വിശ്വാസസമൂഹം പ്രത്യേകിച്ച് നോമ്പുകാലത്ത് അവിടേക്ക്, കുരിശിന്റെ വഴി ധ്യാനിച്ചുകൊണ്ട് തീർത്ഥാടനം നടത്തുകയും ചെയ്തുവരുന്നു. സാധാരണ നോമ്പിന്റെ 33-ാം ദിവസമാണ് ഈ തീർത്ഥാടനം നടത്തുന്നത്. ഈ വർഷം നമുക്ക് എല്ലാവർക്കും തന്നെ അതിൽ പങ്കുചേരാൻ ശ്രമിക്കാം. ധർമ്മദാനം, ഉപവാസം, പ്രാർത്ഥന എന്നിവയിൽ നിന്ന് ശക്തി സ്വീകരിച്ച് നോമ്പുകാലതീർത്ഥാടനങ്ങൾ നടത്താൻ നമ്മുടെ പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പയും നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവത്തിങ്കലേക്കുള്ള തീർത്ഥാടനത്തിലായിരിക്കുന്ന നമുക്കേവർക്കും പരിത്യാഗത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും അരൂപിയുള്ള ഈ തീർത്ഥാടനം ജീവിതനവീകരണത്തിനും ദൈവാനുഗ്രഹങ്ങൾക്കും കാരണമാകും. നിങ്ങളേവരും പ്രത്യേകിച്ച് ആഗോള സഭ യുവജനവർഷമായി ആചരിക്കുന്ന ഈ വർഷം, യുവജനങ്ങൾ ഇതിലേക്ക് ധാരാളമായി കടന്നുവരണമെന്ന് ഞാനാഗ്രഹിക്കുന്നു.

**യുവജനവർഷം:-** യുവാവായിരുന്ന യേശു ഒരു യുവസമൂഹത്തെയാണ് തന്റെ സാന്നിദ്ധ്യത്തിന്റെ തുടർച്ചയായി തെരെഞ്ഞെടുത്തത്. ലോകത്തിന്റെ ഊർജ്ജസ്രോതസ്സായ യുവജനത്തിന്റെ കർമ്മശേഷി എന്നും സഭയ്ക്ക് അഭിമാനമാണ്. യുവജനതയ്ക്ക് ആഗോളസഭ നല്കുന്ന പ്രാധാന്യത്തിന്റെ തെളിവാണ് 2018 ജനുവരി 6 മുതൽ 2019 ജവുനരി 6 വരെ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന യുവജനവർഷം. ജനുവരി 6-ാം തിയതി യേശുവിന്റെ മാമോദീസായെ അനുസ്മരിക്കുന്ന ദിവസമാണ്. യുവാവായ യേശുവിനെക്കുറിച്ച് മാമോദീസയിൽ മുഴങ്ങിക്കേട്ട പിതാവിന്റെ സ്വരം "ഇവനെന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (ലൂക്ക 3:22). ഓരോ യുവാവിനെയും യുവതിയെയുംകുറിച്ചുള്ള പിതാവായ ദൈവത്തിന്റെ പ്രഖ്യാപനമാണ്. മെത്രാന്മാരുടെ സിനഡിന്റെ 15-ാം സമ്മേളനത്തിനായി 2017 ജനുവരി 13-ന് ഫ്രാൻസീസ് പാപ്പ പ്രസിദ്ധീകരിച്ച 'യുവജനം, വിശ്വാസം, വിളിസംബന്ധമായ വിവേചിച്ചറിയൽ' എന്ന ഒരുക്കരേഖ. പരിശുദ്ധ പിതാവ് ആരംഭിക്കുന്നത് യോഹന്നാന്റെ സുവിശേഷം 15:11 വചനത്തോടാണ്: "ഞാൻ ഇവയെല്ലാം നിങ്ങളോട് പറഞ്ഞത്, എന്റെ സന്തോഷം നിങ്ങളിലുണ്ടാകാനും അത് പൂർണ്ണമാകാനുമാണ്". അതെ, യുവജനങ്ങളെ ദൈവസ്നേഹത്തിന്റെ, സന്തോഷത്തിന്റെ പൂർണ്ണതയിലേക്ക് നയിക്കാനുദ്ദേശിക്കുന്ന യുവജനവർഷം നാം യഥാവിധി ആഘോഷിക്കണം. 2018 ജനുവരി 28 -ാം തിയതി പിലാത്തറയിൽ ബൈബിൾ കൺവെൻഷൻ സമാപ്തിയിൽ ഉദ്ഘാടനം ചെയ്യപ്പെട്ട യുവജനവർഷത്തിന്റെ വൈവിധ്യമാർന്ന കർമ്മപദ്ധതികൾ നമ്മുടെ യുവതയെ ദൈവപിതാവിന്റെ പ്രിയപുത്രരാക്കി തീർക്കാൻ ഉപയുക്തമാകണം. ഇടവക/ഫൊറോന/രൂപതാ തലങ്ങളിൽ റവ. ഫാദർ ഷിറോൺ ആന്റണി, റവ. ഫാദർ ആരീഷ്

സ്റ്റീഫൻ, റവ. ഫാദർ ബെനഡിക്ട് അറക്കൽ എന്നിവർ നയിക്കുന്ന യുവജനകമ്മീഷൻ വിവിധ പരിപാടികൾക്ക് രൂപം നല്കുന്നു. ഈ പ്രവർത്തനങ്ങോട് നിങ്ങളെല്ലാവരും സഹകരിച്ച് ഈ വർഷം അനുഗ്രഹീതമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. രൂപതാ തലത്തിൽ എല്ലാ യുവജനങ്ങൾക്കുമായി നടപ്പാക്കുന്ന ഒരു പരിശീലന പരിപാടിയെക്കുറിച്ച് മാത്രം ഞാൻ അല്പം വിശദീകരിക്കാം.

മതബോധന ക്ലാസ്സുകൾ പൂർത്തിയാക്കുന്ന നമ്മുടെ കുട്ടികൾ ഇതിന് ശേഷം വീഴ്ചയില്ലാതെ പങ്കെടുക്കുന്ന ഒരു പരിശീലനക്കളരി വിവാഹഒരുക്ക സെമിനാറാണ്. മതബോധനക്ലാസ്സുകളും ഈ സെമിനാറും തമ്മിലുള്ള അന്തരം വലുതായതിനാൽ വിവാഹഒരുക്കസെമിനാറിന് മുമ്പ് നമ്മുടെ എല്ലാ യുവതിയുവാക്കളും ഒരു ത്രിദിന പരിശീലനകളരിയിൽ പങ്കെടുക്കണം. യുവജനപ്രശ്നങ്ങളും, സാദ്ധ്യതകളും ആകർഷകമായ രീതിയിൽ കൈകാര്യം ചെയ്യുന്ന ഈ പരിശീലനകളരി, യുവസമൂഹത്തെ അനിവാര്യമായ ആത്മാന്വേഷണത്തിലേക്കും, ദൈവാന്വേഷണത്തിലേക്കും, പ്രപഞ്ചാന്വേഷണത്തിലേക്കും നയിക്കും. ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ എല്ലാ ഇടവകകളിലേക്കും അയച്ചുതരുന്നതാണ്.

**സെന്റ് ജോൺ പോൾ രണ്ടാമൻ മൈനർ സെമിനാരി:-** കർത്താവിന്റെ ശുശ്രൂഷാ പൗരോഹിത്യം തുടരുന്ന സഭയുടെ നെടുംതൂണുകളായ വൈദീകരെ വാർത്തെടുക്കുന്ന സെമിനാരി, ഏതൊരു രൂപതയുടെയും ഹൃദയം പോലെയാണ്. കണ്ണൂർ രൂപതയുടെ കാലങ്ങളായുള്ള ഒരു സ്വപ്നമാണ് ഉചിതമായ സൗകര്യങ്ങളോടുള്ള ഒരു മൈനർ സെമിനാരി. ദൈവപരിപാലനയിൽ അടിയുറച്ചുവിശ്വസിച്ചുകൊണ്ട്, ഇതിന് ഏറ്റം യോജിച്ച സ്ഥലമായ പരിയാരം സെന്റ് ഫ്രാൻസീസ് സേവ്യർ ഇടവകയുടെ മുൻഭാഗത്തുള്ള രൂപതയുടെ സ്ഥലത്ത്, 2018 ജനുവരി 28-ാം തിയതി, രൂപതാ ബൈബിൾ കൺവെൻഷന്റെ പരിസമാപ്തിയിൽ നൂറുകണക്കിന് വിശ്വാസികളുടെ സാന്നിദ്ധ്യത്തിൽ വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ പിതാവ് വെഞ്ചിരിച്ച അടിസ്ഥാനശില സ്ഥാപിച്ചുകഴിഞ്ഞു. രൂപതയുടെ വളർച്ചയ്ക്ക് ഏറ്റവും പ്രധാനപ്പെട്ട ഈ സംരംഭത്തിന്റെ വിജയത്തിനായി നിങ്ങളെല്ലാവരും പ്രത്യേകം പ്രാർത്ഥിക്കുമല്ലോ. ഒത്തിരി സാമ്പത്തിക ബാദ്ധ്യതയുള്ള, എന്നാൽ അത്യാവശ്യമായ ആ പദ്ധതി യഥാസമയം പൂർത്തിയാക്കാൻ നിങ്ങളുടെ എല്ലാവരുടെയും അകമഴിഞ്ഞ സാമ്പത്തികസഹകരണവും ഞാൻ പ്രതീക്ഷിക്കുന്നു. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ഇടവകകളിലേക്കും, സ്ഥാപനങ്ങളിലേക്കും, സന്യാസഭവനങ്ങളിലേക്കും പിന്നീട് അയക്കുന്നതാണ്.

**ആവിലാരാം-കോളയാട്:-** ഏതൊരു രൂപതയുടെയും ശക്തി ദൈവജനത്തിന്റെ പ്രാർത്ഥനയാണ്. അമ്മത്രേസ്യയുടെ നവീകരിക്കപ്പെട്ട കർമ്മലീത്താസഭയുടെ ഒരു ഭവനം (മിണ്ടാമഠം) ഒ.സി.ഡി സന്യാസസമൂഹത്തിന്റെ ഡെഫനിറ്റർ ജനറൽ വെരി. റവ. ഡോ. ജോഹാന്നസ് ഗൊരൻന്തലയുടെയും മഞ്ഞുമ്മൽ പ്രൊവിൻസ് സുപ്പീരിയർ വെരി. റവ. ഫാദർ അഗസ്റ്റിൻ മുള്ളൂർ ഒ.സി.ഡി.യുടെയും സാന്നിദ്ധ്യത്തിൽ 2018 ജനുവരി 29-ാം തിയതി ഞാൻ ആശീർവദിച്ച് പ്രാർത്ഥനയ്ക്കായി തുറന്നുകൊടുത്തു. അവിടെയുള്ള കർമ്മലീത്ത സന്യാസിനികളുടെ പ്രധാനദൗത്യം ദൈവജനത്തിനുവേണ്ടി, പ്രത്യേകിച്ച് നമ്മുടെ രൂപതയ്ക്കുവേണ്ടി, നമുക്ക് ഓരോരുത്തർക്കുംവേണ്ടി പ്രാർത്ഥിക്കുക എന്നതാണ്. ദൈവസന്നിധിയിൽ മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിക്കാൻ കർത്താവ് നമുക്ക് നല്കിയ ഈ സഹോദരിമാരെ നമുക്ക് സന്തോഷത്തോടെ സ്വീകരിക്കുകയും നമ്മുടെ പ്രാർത്ഥനാ നിയോഗങ്ങൾ അവരെ അറിയിക്കുകയും ചെയ്യാം.

ദൈവത്തിന്റെ കൃപാവരങ്ങൾ നമ്മിലേക്കൊഴുകാൻ ദൈവം പ്രത്യേകം നമുക്ക് നല്കുന്ന നോമ്പുകാലത്തിനൊരുക്കമായി പിലാത്തറയിൽ ശാലോം ടീമിന്റെ നേതൃത്വത്തിൽ നടന്ന ബൈബിൾ കൺവെൻഷൻ നമുക്ക് നോമ്പുകാലത്തിലേക്കുള്ള നല്ല ഒരുക്കമായിരുന്നു. കൺവെൻഷൻ ഏറ്റം വിജയപ്രദമാക്കാൻ സ്തുത്യർഹമായി പ്രവർത്തിച്ച വെരി. റവ. ഫാദർ ജോയ് പൈനാടത്തിന്റെ നേതൃത്വത്തിലുള്ള വിവിധ കമ്മറ്റികളെയും, അതിൽ ശ്രമംകൊണ്ടും, ധനംകൊണ്ടും, സാന്നിദ്ധ്യംകൊണ്ടും പങ്കുചേർന്നവരെ ഞാൻ ഹൃദ്യമായി അനുമോദിക്കുന്നു. ഉത്ഥിതന്റെ പ്രഭയിലേക്ക്, പ്രാർത്ഥനയിലൂടെയും, അനുതാപത്തിലൂടെയും, ധർമ്മദാനത്തിലൂടെയും നമുക്ക് യാത്ര ചെയ്യാം.

എനിക്ക് നിങ്ങളോടുള്ള പൈതൃകസ്നേഹത്തിന്റെ അടയാളമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിങ്ങളെ സ്നേഹപൂർവം ആശീർവദിക്കുന്നു.

കണ്ണൂർ ബിഷപ്പ്സ് ഹൗസിൽനിന്ന്

കണ്ണൂർ
08.02.2018

✠ അലക്സ് വടക്കുംതല
കണ്ണൂർ രൂപതാ മെത്രാൻ

**N.B**: ഈ ഇടയലേഖനം 2017 ഫെബ്രുവരി 18 ന് വിശുദ്ധ കുർബാന മദ്ധ്യേ നമ്മുടെ എല്ലാ ദേവാലയങ്ങളിലും കപ്പേളകളിലും വായിക്കേണ്ടതാണ്.